# പൊതുവിദ്യാഭ്യാസവകുപ്പ് കേരളം

## തൃശ്ശൂർ ജില്ല

## അർദ്ധവാർഷിക പരീക്ഷ 2011-12

വിഷയം : വിവരവിനിമയ സാങ്കേതിക വിദ്യ
ക്ലാസ്സ് : 8 | സമയം : 1 മണിക്കൂർ
മാർക്ക് : 10

പൊതുനിർദ്ദേശങ്ങൾ ( 1 മുതൽ 6 വരെ ½ മാർക്ക് വീതം )

1. ഷീലയ്ക്ക് 1886-ന് ശേഷം ഏതെല്ലാം മൂലകങ്ങളാണ് കണ്ടുപിടിക്കപ്പെട്ടത് എന്ന് അറിയണം അതിന് കാൽസിയം സോഫ്റ്റ് വെയറിലെ ഏത് സങ്കേതം ഉപയോഗിക്കാം?

   [Over view, Time line, Glossary]

   ഉത്തരം : Time line

2. രസതന്ത്ര പ്രോജക്ടിന്റെ ഭാഗമായി പരിസരമലിനീകരണമുണ്ടാക്കുന്ന സംയുക്തങ്ങൾ കണ്ടെത്തിയതിൽ കാർബൺ മോണോക്സൈഡ്(CO) വലിയൊരു പങ്കുവഹിക്കുന്നതായി കണ്ടു. ഇതിന്റെ തന്മാത്രാ രൂപം നിങ്ങൾ കമ്പ്യൂട്ടറിൽ കണ്ടിട്ടില്ലേ? ഇത് നിർമ്മിക്കാനുപയോഗിക്കുന്ന സോഫ്റ്റ് വെയർ ഏത്?

   (ghemical, calcium, gimp, sunclock).

   ഉത്തരം : ghemical ( ഇവിടെ ഉത്തരം Calcium എന്നു തോന്നാമെങ്കിലും പ്രസ്തുത സോഫ്റ്റ്വെയറിന്റെ സ്പെല്ലിംഗ് Kalzium എന്നാണെന്ന കാര്യം ഓർക്കുക.

3. താഴെ കൊടുത്തിരിക്കുന്ന പ്രോഗ്രാമിന്റെ output എന്തായിരിക്കും ?

```
a = 10
b =20
c = 30
d = (a + b + c ) / 3
print d
```

( 30 , 60 , 20 , 40 )

ഉത്തരം : 20 കാരണം ( d= (a+b+c)/3 = (10+20+30)3 = 60/3 =20

4 ഐ.ടി. കോർണർ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിരുന്ന ജിയോജിബ്ര സോഫ്റ്റ് വെയർ ടൂളുകളുടെ ഐക്കണുകളാണ് താഴെ കാണുന്നത്. ആവശ്യപ്പെടുന്ന അളവുകളിൽ കോണുകൾ നിർമ്മിക്കുന്നതിന് ഇതിൽ അനുയോജ്യമായ ടൂൾ ഏത്? (½)

a  b  c  d 

ഉത്തരം : b

5 ഒരു സ്പ്രെഡ്ഷീറ്റ് ഫയൽ സേവ് ചെയ്യുമ്പോൾ ചുവടെ നൽകിയതിൽ ഏത് ഫയൽ എക്സ്റ്റൻഷനാണ് സ്വമേധയാ വരുന്നത്?

(a) .jpg (b) .xcf (c).ods (d).odp

ഉത്തരം :(c).ods

6 “keralam” എന്നത് ഇൻപുട്ടായി സ്വീകരിക്കാൻ താഴെ കൊടുത്തവയിൽ ഏതാണ് ഉചിതം?

(ഔട്ട്പുട്ട്, ചരങ്ങൾ, സംഖ്യാഇൻപുട്ട്, അക്ഷര ഇൻപുട്ട്)

ഉത്തരം : അക്ഷര ഇൻപുട്ട്

7 Ghemical software ൽ  ഈ ചിഹ്നത്തിന്റെ ഉപയോഗം എന്ത് ? 1

ഉത്തരം : മൂലകങ്ങളെ തെരഞ്ഞെടുക്കാൻ

8 സമചതുരത്തിന്റെ പരപ്പളവ് കാണാനുള്ള പ്രോഗ്രാം പൂർത്തിയാക്കുക. 1

```
a = 18
s =------------
print -----
```

ഉത്തരം :

```
a = 18
s = a * a
print s
```

9

```
n=raw_input("Enter Name ")
s=input("Enter Number ")
if s==5:
else:
print "Congratulations"
    print "try again"
```

മുകളിൽ കൊടുത്ത പ്രോഗ്രാം ബീന പ്രവർത്തിപ്പിച്ച് 5 എന്ന് ടൈപ്പ് ചെയ്യുമ്പോൾ "Congratulations" എന്നും 9 എന്ന് ടൈപ്പ് ചെയ്യുമ്പോൾ Try Again എന്നും വരുവാൻ എന്ത് മാറ്റമാണ് വരുത്തേണ്ടത്?

ഉത്തരം :

```
n=raw_input( "Enter Name ")
s=input("Enter Number ")
if s==5:
  print " Congratulations"
else:
  print"try again"
```

എന്ന് മാറ്റം വരുത്തിയാൽ മതി . അതായത് else: ന്റെ സ്ഥാനം മാറ്റണം . മാത്രമല്ല print കമാൻഡ് തുടങ്ങേണ്ടത് if s എന്നതിന്റെ നിരക്ക് അടിയിലായിരിക്കണം .

10 ബിപില ജിയോജിബ്രയിൽ വരച്ച ത്രികോണം നിറവും പേരും നല്കി ആകർഷകമാക്കണം. അതിനുള്ള പ്രവർത്തനക്രമം എഴുതുക. 2

ഉത്തരം : പേരു നൽകുവാൻ

വരച്ച ത്രികോണത്തിൽ Right Click --> Rename --> Type Name --> Ok

നിറം മാറ്റുവാൻ : വരച്ച ത്രികോണത്തിൽ Right Click --> Object Prope...

--> color --> select color --> close

11 2

ഉപ ജില്ലാ IT മേളയിൽ Digital Painting മത്സരത്തിൽ പങ്കെടുത്ത കുട്ടികളുടെ സ്കോറുകൾ Spreadsheet -ൽ ടൈപ്പ് ചെയ്തിരിക്കുന്നു. ഏറ്റവും കൂടുതൽ സ്കോർ നേടിയ കുട്ടിയെ കണ്ടെത്തുന്നതിന് അവരോഹണ ക്രമത്തിൽ ക്രമീകരിക്കാൻ സ്വീകരിക്കേണ്ട വഴികൾ വിശദമാക്കുക?

ഉത്തരം : തലക്കെട്ടുൾപ്പെടെ പട്ടിക സെലക്റ്റ് ചെയ്യുക

Data --> Sort --> Sort by --> Select Score --> Decending --> ok